## മൃഗസംരക്ഷണം

25. മൃഗസംരക്ഷണ വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുന്നതിന് 2005-06-ൽ അനവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എക്സ്-റേ, അൾട്രാ സൗണ്ട് സ്കാനർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ മൂന്ന് ജില്ലാ മൃഗസംരക്ഷണ കേന്ദ്രങ്ങളെ മാതൃകാ ജില്ലാ കേന്ദ്രങ്ങളായി ഉയർത്തുന്നതിനും ഇവ രാവും പകലും അത്യാവശ്യ സേവനങ്ങൾ ലഭ്യമാക്കത്തക്ക തരത്തിൽ സജ്ജീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

26. സംസ്ഥാനത്ത് എരുമകളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവരുന്നതിനാൽ എരുമവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 32.50 ലക്ഷം രൂപ ഞാൻ ബജറ്റിൽ വകയിരുത്തുന്നു.

27. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പൂക്കോട് വെറ്റെറിനറി കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ പൂർത്തീകരണത്തിനായി സർവ്വകലാശാലയുടെ പദ്ധതി ഗ്രാന്റിനത്തിൽ 200 ലക്ഷം രൂപ ഞാൻ നീക്കിവച്ചിട്ടുണ്ട്.

## ക്ഷീരവികസനം

28. ക്ഷീരോൽപന്ന വ്യവസായ സംരംഭകർക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിനായി അരൂരിൽ ഒരു ക്ഷീരോൽപന്ന ഉൽപാദന സഹായ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

29. 'പശുഗ്രാമം' പദ്ധതി നടപ്പിലാക്കുന്നതിനായി 15 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 50 ഗുണഭോക്താക്കൾക്ക് രണ്ട് പശുക്കൾ വീതമുള്ള ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുന്നതാണ്.

## സഹകരണം

30. സഹകരണ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ കർമ്മോജ്ജ്വലമായ പരിപാടികളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. കാർഷികവിള ഇൻഷ്വറൻസ് പദ്ധതി, കാർഷികവായ്പ തിരികെ അടയ്ക്കുന്ന കാലയളവിൽ മരണപ്പെട്ടുപോകുന്ന കർഷകന്റെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി ഇവ ആരംഭിക്കും. കാർഷിക വായ്പാ പരിധി കൂട്ടുകയും വായ്പ വിതരണം ഇരട്ടി ആക്കുകയും ചെയ്യും. നബാർഡിന്റെ സഹായത്തോടെയുള്ള സ്വയം സഹായ പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. മഴവെള്ള സംഭരണപദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകും. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പോജക്ട് അടിസ്ഥാനത്തിൽ പുനരുദ്ധരിക്കും. സഹകരണ മേഖലയിലൂടെയുള്ള ഭവന വായ്പ കൂടുതൽ സുതാര്യമാക്കും. കേന്ദ്രസർക്കാരിൽ നിന്നും എൻ.സി.ഡി.സി.യിൽ നിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. സഹകരണമേഖലയെ അംഗങ്ങൾ നിയന്ത്രിക്കുന്ന മേഖലയാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

LIBRARY ARCHIVES Kerala Legislative Assembly